## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1286** | **15.06.2012-ൽ മറുപടിക്ക്**

### മലയോര വികസന ഏജൻസി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. കെ.അച്ചുതൻ | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) മലയോര വികസന ഏജൻസിയുടെ പ്രവർത്തനം സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്; | (എ) സംസ്ഥാനത്തെ മലയോര പ്രദേശങ്ങളുടെ സമഗ്ര വികസനത്തിനായി 14.11.2011 ലെ സർക്കാർ ഉത്തരവ് (എം.എസ്) 60/11/പ്ലാനിംഗ് നമ്പർ പ്രകാരം മലയോര വികസന ഏജൻസി രൂപീകരിക്കുകയും ഏജൻസിയുടെ ഭരണ നിർവ്വഹണത്തിനായുള്ള ഗവേണിംഗ് ബോഡിയുടേയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടേയും ഘടന നിഷ്കർഷിച്ച് 26.11.2011 ൽ സർക്കാർ ഉത്തരവ് (എം.എസ്) 62/11/പ്ലാനിംഗ് പ്രകാരം ഉത്തരവാകുകയുമുണ്ടായി.<br>മലയോര വികസന ഏജൻസിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരു സെപ്ഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ഏജൻസി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇതിന്റെ ആസ്ഥാനം എവിടെയായിരിക്കുമെന്നും വെളിപ്പെടുത്തുമോ; | (ബി) മലയോര വികസന ഏജൻസിയുടെ ലക്ഷ്യങ്ങൾ ചുവടെ പറയും പ്രകാരമാണ്.<br>1) മലയോര പ്രദേശങ്ങളിലെ റോഡുകൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, |

കുടിവെള്ള പദ്ധതികൾ, കൃഷി തുടങ്ങിയ മേഖലകളിലെ വികസനത്തിനായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ

2) വകുപ്പുതല പ്ലാനിൽ പ്രോജക്ടുകൾ കൊണ്ടുവരുന്നതിനുള്ള സാദ്ധ്യതകളും ശുപാർശകളും സമർപ്പിക്കുക.

3) മലയോര പ്രദേശങ്ങൾക്ക് പ്രത്യേക പ്രോജക്ടുകൾ നടപ്പിലാക്കൽ.

4) കൂടുതൽ നിക്ഷേപങ്ങൾക്കുള്ള തന്ത്രം രൂപപ്പെടുത്തുക.

5) പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതി നടപ്പിലാക്കുന്നതിൽ കാര്യക്ഷമത വർദ്ധിപ്പിക്കൽ.

6) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, വിദേശ ഏജൻസികളായ ലോക ബാങ്ക്, ജെ.ബി.ഐ.സി, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്, ബാങ്കുകൾ എന്നിവിടങ്ങളിൽനിന്ന് പണം കണ്ടെത്തി കൂടുതൽ നിക്ഷേപം സാദ്ധ്യമാക്കുക.

7) പ്രകൃതി വിഭവ പരിപാലനത്തിനും ദാരിദ്ര്യ ലഘൂകരണത്തിനും പ്രോജക്ടുകൾ തയ്യാറാക്കുകയും വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് ഫലപ്രദമായ ഏകോപനവും നടത്തുക.

8) പട്ടികജാതി, പട്ടികവിഭാഗങ്ങൾക്കും മറ്റു ദുർബ്ബല വിഭാഗങ്ങൾക്കും നീതി ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ കൊണ്ടുവരിക.

മലയോര വികസന ഏജൻസിയുടെ ആസ്ഥാനം തിരുവനന്തപുരമാണ്.

(സി) പ്രസ്തുത ഏജൻസിയുടെ ബൈലോ അംഗികരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(സി) മലയോര വികസന ഏജൻസിയുടെ ബൈലോ ജി.ഒ.(എം.എസ്) നം.60/11/പ്ലാനിംഗ് തിയതി 14/11/2011, ജി.ഒ (എം.എസ്)നം.22/12/പ്ലാനിംഗ് തിയതി 15/05/2012 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

Sheela.M

സെക്ഷൻ ഓഫീസർ